ഖുത്വ്ബ നമ്പർ
49
07-12-2012

بسم الله الرحمن الرحيم O نحمده اونصلی علیٰ رسوله الکريم O وعلیٰ عبده المسيح الموعود

ജുമുഅ ഖുത്വ്ബ
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ഖലീഫത്തുൽ മസീഹ് അൽഖാമിസ് ايده الله تعالیٰ بنصره العزيز
വിവർത്തനം: എം.നാസർ അഹ്മദ്

# വാഗ്ദത്ത മസീഹിന്റെ സഹാബാക്കൾ

ഹ: മസീഹ് മൗഊദ്(അ)ന്റെ സഹാബാക്കളുടെ നിവേദനങ്ങളാണ് കുറച്ച് കാലമായി ഇടക്കിടക്ക് ഞാൻ കേൾപ്പിച്ചു വരുന്നത്. ആദ്യമൊക്കെ എല്ലാ വിഷയങ്ങളും ഉൾകൊള്ളുന്ന നിവേദനങ്ങളാണ് കേൾപ്പിച്ചിരുന്നത്. പിന്നീട് പ്രത്യേകം വിഷയങ്ങളെക്കുറിച്ചുള്ള നിവേദനങ്ങൾ കേൾപ്പിക്കുകയുണ്ടായി. ഈ ഒരു ശൃംഖല ഒരു വർഷത്തിൽ കൂടുതലായി തുടർന്നു വരുന്നു.

ഇന്നും ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ഹ : മസീഹ് മൗഊദ് (അ) ന്റെ സഹാബാക്കളുടെ നിവേദനങ്ങൾ തന്നെയാണ് കേൾപ്പിക്കുന്നത്. ഇതിൽ അവരുടെ സ്വപ്നങ്ങളുടെയും കശ്ഫുകളുടെയും പരാമർശങ്ങളാണുള്ളത്. ഈ സംഭവങ്ങളെല്ലാം തന്നെ ഹ:മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യം വിവരിക്കാനുള്ളതാണ്. അതോടൊപ്പം നമ്മുടെ വിശ്വാസത്തിലും ദൃഢജ്ഞാനത്തിലും വർദ്ധനവ് വരുത്തുന്നതുമാണ്. ഇത് വിവരിക്കാനുള്ള കാരണം തന്നെ ആ രീതിയിലുള്ള ദൃഢജ്ഞാനവും വിശ്വാസവും ദൈവവുമായുള്ള ബന്ധവും നമ്മിലും ഉണ്ടായിത്തീരാനും ഏതു രീതിയിലുള്ള സുദൃഢബന്ധമാണൊ ഹ:മസീഹ് മൗഊദ് (അ) ഇവിടെ വന്നുകൊണ്ട് അല്ലാഹുവുമായി നമ്മിൽ ഉണ്ടാക്കാൻ ആഗ്രഹിക്കുന്നത് ആ ബന്ധം നമ്മിൽ ഉണ്ടായിത്തീരാനും വേണ്ടിയാണ്. ഈ നിവേദനങ്ങൾ വിവിധ സന്ദർഭത്തിൽ കേൾപ്പിക്കുന്നതു കാരണം ആവർത്തനം ഉണ്ടാകാതിരിക്കാൻ ഞാൻ പൊതുവിൽ ശ്രമിക്കാറുണ്ട്. ആവർത്തനം വരാതിരിക്കാൻ പരിശോധിപ്പിക്കാറുമുണ്ട്. എന്നാലും ചിലപ്പോൾ ആവർത്തനം വന്നുപോകും.

ഹദ്റത് സർദാർ കറംദാദ് ഖാൻ സാഹിബ്(റ)വിന്റെതാണ് ആദ്യത്തെ നിവേദനം. അദ്ദേഹം 1902ൽ ബൈഅത്ത് ചെയ്തിരുന്നു. അതേ വർഷം തന്നെ ഹ:മസീഹ് മൗഊദ് (അ) സന്ദർശിക്കുകയും ചെയ്തു. അദ്ദേഹം പറയുന്നു. 'ഞാൻ ഹ:മസീഹ് മൗഊദ് (അ) നെ ബൈഅത്ത് ചെയ്യുന്നതിനുമുമ്പേ സ്വപ്നങ്ങൾ കണ്ടിരുന്നു. ആ സ്വപ്നം ഇപ്രകാരമാണ്. ഒരു റോഡിലൂടെ ഹ:മുഹമ്മദ് റസൂലുല്ലാഹ് (സ) യും ഹ:മസീഹ് മൗഊദ്(അ)യും നടന്നുവരികയാണ്. ഞാൻ അവരുടെ മുമ്പിലൂടെ വരുന്നു. ഹ: മുഹമ്മദ് റസൂലുല്ലാഹി(സ) ഹ:മസീഹ് മൗഊദിനെ ചൂണ്ടികൊണ്ട് പറയുകയാണ്. "ഇദ്ദേഹം അല്ലാഹുവിൽ നിന്നുള്ളവനാണ്. ഇദ്ദേഹം അല്ലാഹുവിൽ നിന്നുള്ളവനാണ്." മൂന്ന് പ്രാവശ്യം ഇങ്ങിനെ പറഞ്ഞു. അദ്ദേഹം തുടർന്ന് പറയുന്നു, 1902ൽ ഖാദിയാൻ ദാറുൽ അമാനിൽ ഞാൻ പോയപ്പോൾ അവിടെ ചെറിയ പള്ളിയിൽ (മസ്ജിദ് മുബാറക്ക്) വെച്ച് ബൈഅത്ത് ചെയ്തു. അപ്പോൾ ഞാൻ സ്വപ്നത്തിൽ കണ്ട അതേ രൂപത്തിൽ തന്നെ ഹ:മസീഹ് മൗഊദ്(അ)നെ കാണുകയുണ്ടായി.

ഹ:കരീമുദ്ദീൻ സാഹിബ് (റ) 1896 ലാണ് അദ്ദേഹം ബൈഅത്ത് ചെയ്തത്. അതേ വർഷം ഹ: മസീഹ് മൗഊദ്(അ)നെ കാണുകയും ചെയ്തു. അദ്ദേഹം വിവരിക്കുന്നു. 1896ലെ മദ്ധ്യത്തിൽ സ്വപ്നം മുഖേന എനിക്ക് ഹ:മസീഹ് മൗഊദ് (അ) നെ സന്ദർശിക്കാനുള്ള സൗഭാഗ്യം ലഭിച്ചു. ഞാൻ കണ്ടത് ഹുസൂർ ഒട്ടകപ്പുറത്ത് സഞ്ചരിക്കുന്നതായിട്ടാണ്. അതേ പോലെ ഒറ്റക്ക് ഞാൻ ഹ:മസീഹ് മൗഊദ് (അ) നെ കണ്ടിട്ടുണ്ട്. ഒറ്റക്ക് ഒരു വയലിലൂടെ നടന്നു വരുമ്പോഴാണ് കണ്ടത്. ആ വയൽ അപ്പോൾ ഉഴുതു മറിച്ചതെ ഉണ്ടായിരുന്നുള്ളു. അതിൽ മണ്ണിന്റെ വലിയ വലിയ കൂമ്പാരങ്ങൾ ഉണ്ടായിരുന്നു. ഹുസൂർ എന്റെ അടുത്തേക്ക് വരികയാണ്. (ഇതും സ്വപ്നമാണ്) ഹുസൂർ വളരെ ആവേഷത്തോടും സ്നേഹ വാത്സല്യത്തോടും കൂടി എനിക്ക് കൈ തന്നു. ഈ അവസ്ഥയിൽ ഞാൻ വളരെയധികം സന്തോഷിച്ചു. സ്വപ്നത്തിൽ ഇതിനു മുമ്പ് നക്ശ്ബന്ദീ പീറുമായി ഞാൻ മുലാഖാത്ത് നടത്തിയിരുന്നു. ഞാൻ ഹസ്തദാനത്തിനായി കൈനീട്ടിയെങ്കിലും ആ പീർ കൈവലിച്ചു കൊണ്ട് പറഞ്ഞു. നീ മതമില്ലാത്ത ആളാണ്. -(സലാം ചൊല്ലണം എന്നത് ഇസ്‌ലാമിന്റെ കൽപനയാണ്)- ഈ സ്വപ്നത്തിന് ശേഷം ഹുസൂറിനെ കാണുകയും ഹുസൂർ വളരെ സ്നേഹോഷ്മളമായി മുലാഖാത്ത് നടത്തുകയും ചെയ്തു.

ഹ:കരീമുദ്ദീൻ സാഹിബ് വിവരിക്കുന്നു. ഹ:മസീഹ് മൗഊദ്(അ) ന്റെ കയ്യിൽ ബൈഅത്ത് ചെയ്തിരുന്ന ചൗധരി നൂർബക്ശ് സാഹിബ് ഹവാൽ ദാർ പോലിസിന് ഇൽഹാമുണ്ടാകുന്നു എന്ന് ഞാൻ സ്വപ്നത്തിൽ കേൾക്കാനിടയായി. (ഇക്കാലത്തെ കൈകൂലി വാങ്ങുന്ന പാക്കിസ്ഥാനിലെ പോലീസുകാരെപ്പോലുള്ളവരായിരുന്നില്ല. ഇവർ വിശ്വാസവഞ്ചകരാണ്. അല്ലാഹുവുമായി ബന്ധമുള്ളവരായ അക്കാലത്തുള്ള പോലീസുകാരെ കുറിച്ചാണ് ഇവിടെ പറയുന്നത്.) ഇദ്ദേഹത്തിന് ഇൽഹാം ഉണ്ടാകുന്നുണ്ടെന്ന് ഞാൻ സ്വപ്നത്തിൽ കേട്ടു. ഈ സ്വപ്നം ഞാൻ എന്റെ ഒരു സുഹൃത്ത് സയ്യിദ് മുഹമ്മദലി ഷാ സാഹിബിനെ കേൾപ്പിച്ചു. അദ്ദേഹം പറഞ്ഞു. 'വെറുതെ എന്നെ വട്ട് പിടിപ്പിക്കല്ലെ.' അടുത്ത ദിവസം ഞാൻ സുബ്ഹ് നമസ്കാരം കഴിഞ്ഞ് തിരിച്ചു വരികയായിരുന്നു. സൂര്യൻ അപ്പോൾ ഉദിക്കുന്നതെ ഉണ്ടായിരുന്നുള്ളു. സയ്യിദ് മുഹമ്മദലി ഷാ സാഹിബും മർഹൂം ചൗധരി നബി ബഖ്ശ് സാഹിബും, ചൗധരി സാഹിബ് കടലാസിൽ രാത്രി എഴുതുകയും അങ്ങുമിങ്ങും ചിതറിക്കിടക്കുകയും

ചെയ്തിരുന്ന കടലാസുകൾ ക്രമത്തിൽ അടക്കി വെക്കുകയായിരുന്നു. പോലീസിന് ഇൽഹാമിണ്ടാകുന്നുണ്ട് എന്ന് പറഞ്ഞപ്പോൾ സയ്യിദ് മുഹമ്മദലി സാഹിബ് ആദ്യം പറഞ്ഞിരുന്നത് എന്നെ വട്ട് പിടിപ്പിക്കല്ലെ എന്നായിരുന്നു. ചൗധരി സാഹിബിന് ഇൽഹാം ഒന്നും ഉണ്ടാകുന്നില്ല. എന്നാൽ നമസ്കാരം കഴിഞ്ഞ് തിരിച്ച് വരുമ്പോൾ ചൗധരി നബി ബഖ്ശ് സാഹിബും മുഹമ്മദലി ഷാ സാഹിബും ഇരിക്കുന്നതായാണ് കണ്ടത്. അവർക്കിടയിൽ നല്ല സൗഹൃദമായിരുന്നു. കടലാസുകൾ അടക്കിവെക്കുകയാണ്. അപ്പോൾ എനിക്ക് സംശയം തോന്നി രാത്രിയിൽ ലഭിച്ച ഇൽഹാമുകളോ മറ്റോ ആയിരിക്കുമോ? അതല്ല മുമ്പ് ലഭിച്ച ഇൽഹാമുകളെ ക്രമത്തിൽ അടുക്കി വെക്കുകയാണൊ? അപ്പോൾ ഞാൻ അദ്ദേഹത്തോട് പറഞ്ഞു. നിങ്ങളല്ലെ പറഞ്ഞത് എന്നെ വട്ട് പിടിപ്പിക്കല്ലെ എന്ന്. ഇതെന്താണ്? അപ്പോൾ അദ്ദേഹം പറഞ്ഞു. 'ജനങ്ങൾ പരിഹസിക്കാറുണ്ട്. അതു കൊണ്ടാണ് ഇത് പരസ്യപ്പെടുത്താത്തത്.' പറയുന്നു : ആ സമയം മുതൽ എന്റെ മനസ്സിൽ വന്നത് ഹുസൂറിന്റെ ശിഷ്യന്മാർക്ക് ഇൽഹാം ഉണ്ടാകുന്നുണ്ടെങ്കിൽ തീർച്ചയായും ഹ:മസീഹ് മൗഊദ് സത്യവാൻ തന്നെയാണ്. അപ്പോൾ എന്റെ വയസ്സ് 16, 17 ആയിരിക്കും. ഞാൻ ഹുസൂറിന്റെ പുസ്തകമൊന്നും വായിച്ചിട്ടുണ്ടായിരുന്നില്ല. അക്കാലത്ത് കാര്യങ്ങൾ അന്വേഷിച്ചറിയാനും കഴിവുണ്ടായിരുന്നില്ല.

ഞാൻ ഒരു ബാലനായിരുന്നു. മതപരമായ പഠനവും എനിക്കൊട്ടും ഉണ്ടായിരുന്നില്ല. വിശുദ്ധ ഖുർആൻ അർത്ഥമറിയാതെ ഓതിപ്പഠിച്ചിരുന്നു. ഭൗതിക വിദ്യാഭ്യാസം എട്ടാം ക്ലാസ് വരെയായിരുന്നു. കാല സൂബ സിംഗ് എന്ന സ്ഥലത്തെ സഹാദ്യാപകനായിരുന്നു.

ഞാൻ മറ്റൊരു സ്വപ്നത്തിൽ കാണുന്നത് ഞാൻ ഒക്ടോബർ മാസത്തിൽ മരിക്കുമെന്നതാണ്. ഞാൻ ആ സ്വപ്നം പുലരുന്നതും കാത്തിരിന്നു. എന്റെ മരണ സമയം അടുത്തിരിക്കുന്നു. ഒക്ടോബർ മാസത്തിൽ എന്തായാലും ഞാൻ മരിക്കുന്നതാണ്. കാരണം ഇതിനു മുമ്പ് ഞാൻ കണ്ട സ്വപ്നങ്ങളെല്ലാം പൂർത്തിയായി കഴിഞ്ഞിരുന്നു. അതുകൊണ്ട് മുമ്പുള്ള സ്വപ്നം പുലർന്നതുപോലെ ഇതും പുലരുമെന്ന് ഉറപ്പിച്ചു. ഒക്ടോബർ മാസം കടന്നുപോയി. ഞാൻ മുഹമ്മദലി ഷാ സാഹിബിനോട് പറഞ്ഞു. താങ്കൾ പുസ്തകം വായിച്ചു കൊണ്ടേ പോകും. താങ്കൾക്ക് ഇതിൽ തൃപ്തി വരുമൊ എന്നറിയില്ല.

മുഹമ്മദലി സാഹിബ് ചൗധരി നബി ബക്ശ് സാഹിബുമായി സുഹൃദ് ബന്ധത്തിലായിരുന്നു. അദ്ദേഹത്തിന്റെ ഇൽഹാമുകളെ കുറിച്ചും അറിയുന്ന ആളുമായിരുന്നു. എന്നിട്ടും ഇതു വരെ അദ്ദേഹം ബൈഅത്ത് ചെയ്തിരുന്നില്ല. ഹ: മസീഹ് മൗഊദ് (അ) നാൽ അദ്ദേഹം സ്വാധീനിക്കപ്പെട്ടതു കാരണം ഗ്രന്ഥങ്ങൾ വായിച്ചുകൊണ്ടേ ഇരിക്കും. അദ്ദേഹം പറഞ്ഞു. 'നിങ്ങൾക്ക് ഇതിൽ എന്ന് തൃപ്തി വരുമെന്ന് അറിയില്ല. അതിനാൽ ഞാൻ താങ്കൾക്കു മുമ്പേ ഹ : മസീഹ് മൗഊദ് (അ) നെ ബൈഅത്ത് ചെയ്യുന്നതാണ്.'

അദ്ദേഹം പറയുന്നു : ഞാൻ അവിടെ നിന്ന് കാൽനടയായി പുറപ്പെട്ടു. അങ്ങനെ ഖാദിയാനിലെത്തി. ഇവിടെ വന്നപ്പോൾ ഞാൻ അങ്ങുമിങ്ങും കറങ്ങി നടക്കാൻ തുടങ്ങി. ഒരു ദിവസം ഹകീം ഫള്ലുദ്ദീൻ സാഹിബ് ഭേരവിയോട് ഞാൻ പറഞ്ഞു: എനിക്ക് ഹുസൂറിന്റെ കയ്യിൽ ബൈഅത്ത് ചെയ്യണം. ഹകീം സാഹിബ് പറഞ്ഞു. 'ഞാൻ കരുതി ഈ കുട്ടി വെറുതെ അലഞ്ഞു തിരിയുകയാണ്.' ഹകീം സാഹിബ് മർഹൂം ഹ: മസീഹ് മൗഊദ് (അ) ന്റെ സവിധത്തിൽ എന്റെ ബൈഅത്ത് ചെയ്യാനുള്ള ആഗ്രഹം പറഞ്ഞു. അപ്പോൾ ഹുസൂർ അത് സ്വീകരിച്ചു. ഹുസൂറിന്റെ കയ്യിൽ എന്റെ കൈ പിടിച്ചുകൊണ്ട് എനിക്ക് ഒറ്റക്കു ബൈഅത്ത് ചെയ്യാനുള്ള അവസരമൊരുക്കി. ഞാൻ സ്വപ്നത്തിൽ കണ്ട അതേരൂപത്തിൽ തന്നെയാണ് ഹ: മസീഹ് മൗഊദ് (അ) നെ കണ്ടത്. ഇത് യാഥാർത്ഥത്തിൽ എന്നിൽ അല്ലാഹുവിന്റെ ഫള്ലാണ് വർഷിച്ചത്. ഇതില്ലായിരുന്നുവെങ്കിൽ ഞാൻ എന്താകുമായിരുന്നു എന്നറിയില്ല. 313 ആളുകളുടെ പേര് സമീമെ അഞ്ചാമെ ആഥം എന്ന ഗ്രന്ഥത്തിൽ കൊടുത്തതിൽ 69 ാ മത്തെ പേര് എന്റെതാണ്.

ഹ: മിയാൻ അല്ലാ ദത്താ സാഹിബ്(റ) 1900 ലാണ് ബൈഅത്ത് ചെയ്തത്. 1905 ൽഹ : മസീഹ് മൗഊദ് (അ) നെ നേരിൽ കണ്ടു. പറയുന്നു. ഹോശിയാർ പൂരിലെ മഹൽപൂർ നിവാസിയാണ് ഞാൻ. സൂര്യചന്ദ്രഗ്രഹണങ്ങൾ ഉണ്ടായപ്പോൾ എനിക്ക് പത്ത് പന്ത്രണ്ട് വയസ്സായിരുന്നു. അപ്പോൾ ഞാൻ എന്റെ ഉസ്താതിന്റെ കൂടെ വിശുദ്ധ ഖുർആനും മറ്റും പഠിച്ചിരുന്നു. 1898 ൽ ഞങ്ങളുടെ ഗ്രാമത്തിൽ ഹ : മസീഹ് മൗഊദ്(അ) നെ കുറിച്ചുള്ള ചർച്ച എത്തിയിരുന്നു. ഖാദിയാനിൽ ഗുർദാസ്പൂർ ജില്ലയിൽ ഹ : മഹ്ദി (അ) വന്നിട്ടുണ്ടെന്നാണ് അറിഞ്ഞത്.

ഈ സന്ദേശം ശൈഖ് ശഹാബുദ്ദീൻ സാഹിബ് മുഖേനയാണ് എത്തിയത്. രണ്ട് മൂന്ന് വർഷം അവിടെ ചർച്ചകൾ നടന്നു കൊണ്ടിരുന്നു. 1900നടുത്ത് ഞാൻ ഹ: മസീഹ് മൗഊദ് (അ) നെ സ്വപ്നത്തിൽ ഖാദിയാനിൽ കണ്ടു. ഞാൻ ഇതിനു മുമ്പ് ഖാദിയാനിൽ വന്നിരുന്നില്ല. ആ സ്വപ്നം കണ്ടപ്പോൾ തന്നെ എനിക്ക് പൂർണ്ണ തൃപ്തിയായി. (മുമ്പ് ഖാദിയാൻ കണ്ടിട്ടേ ഇല്ലായിരുന്നു.) കഴിയുന്നത്ര വേഗം ബൈഅത്ത് ചെയ്യണമെന്ന് തീരുമാനിച്ചു. ഞാൻ ഒരു പൈസയുടെ പോസ്റ്റ് കാർഡ് വാങ്ങി ഖാദി ശഹാബുദ്ദീൻ സാഹിബിന്റെ അടുത്ത് പോയി. അദ്ദേഹത്തോട് പറഞ്ഞു. 'ഞാൻ ഹ:മസീഹ് മൗഊദ് (അ) നെ സന്ദർശിച്ചിരിക്കുകയണ്; അതിൽ എനിക്ക് തൃപ്തി കൈവന്നിരിക്കയാൽ എന്റെ ബൈഅത്തിന്റെ കത്തയക്കുക. വിരലടയാളം പതിപ്പിച്ചാലും.' അദ്ദേഹം പറഞ്ഞു: അൽപം കാത്തിരിക്കുക. കുറച്ച് ദിവസത്തിനുള്ളിൽ ബൈഅത്ത് ചെയ്യുന്നവരുടെ മൊത്തം ലിസ്റ്റ് അയക്കുന്നതാണ്. അദ്ദേഹം പറയുന്നു: അന്ന് 40 ആളുകളുടെ ലിസ്റ്റാണ് അയച്ചത്. അതിൽ എന്റെ പേരും ഉൾപ്പെട്ടിരുന്നു.

ഹ : ദീൻ മുഹമ്മദ് സാഹിബ് (റ) 1902ലാണ് ബൈഅത്ത് ചെയ്തത്. 1904 ൽ ഹ : മസീഹ് മൗഊദ് (അ) നെ കാണുകയും ചെയ്തു. അദ്ദേഹം വിവരിക്കുന്നു. 1902ൽ ഞാൻ വയറിളക്കവും പനിയും കാരണം രോഗിയായി. രോഗം അതികഠിനമായിരുന്നു. ആ ദിവസം എന്റെ പിതാവ് കൽക്കത്തയിൽ കൂലിവേല ചെയ്യാനായി പോയതായിരുന്നു. ഞാൻ സ്വപ്നത്തിൽ ഖാദിയാനിൽ വന്നു. മുമ്പ് ഖാദിയാനെ ക്കുറിച്ചുള്ള ചിന്തപോലും എനിക്കുണ്ടായിരുന്നില്ല. ഞാൻ കാണുന്നതിങ്ങനെയാണ്. ചെറിയ ഒരു റൂം. അതിന്റെ താഴെ പരവതാനി വിരിച്ചിട്ടുണ്ട്. നാലു ഭാഗത്തും മഷി വെക്കുന്ന സ്ഥലങ്ങളുണ്ട്. ചുമരിലായിരിക്കും ഇത് ഉണ്ടാകുക. ഹുസൂർ (അ)

ആ റൂമിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുകയാണ്. ഏതോ ഒരു ലേഖനം എഴുതികൊണ്ടിരിക്കുകയാണ്. ഏതു ഭാഗത്തേക്കാണോ പോകുന്നത് അവിടെയുള്ള കുപ്പിയിൽ പേനയിടും. ഞാൻ വാതിലിൽ പോയി അസ്സലാമു അലൈക്കും എന്ന് പറഞ്ഞു. ഹുസൂർ പറഞ്ഞു. "വ അലൈക്കുമുസ്സലാം. മകനെ വന്നാലും." ഞാൻ പറഞ്ഞു. ഹുസൂർ, ഞാൻ വെറുതെ വന്നതാണ്. പറഞ്ഞു; നീ മറ്റെന്നാളത്തേക്ക് അംഗീകരിക്കുന്നതാണ്. (സ്വപ്നമാണ് കേൾപ്പിക്കുന്നത്.) നിന്റെ ഉപ്പ കുറെ ജനങ്ങളുടെ കൂടെയാണ്. അദ്ദേഹം നിനക്ക് പണം അയക്കുന്നതാണ്. രാവിലെ എഴുന്നേറ്റപ്പോൾ തന്നെ ഈ സ്വപ്നം ഹ:സയ്യിദ് സഹാവർശാ സാഹിബിനെ കേൾപ്പിച്ചു. അദ്ദേഹം ഞാൻ പറഞ്ഞതിന്റെ അടിസ്ഥനത്തിൽ അടുത്ത ദിവസം ബൈഅത്തിനുള്ള കത്തയച്ചു. ആ കത്ത് ഇപ്പോഴും എന്റെ കൈവശം സുരക്ഷിതമാണ്. (ഇത് എഴുതുമ്പോൾ അദ്ദേഹത്തിന്റെ കൈവശം ആ കത്തുണ്ട്) അടുത്ത ദിവസം വീണ്ടും സ്വപ്നത്തിൽ ഖാദിയാനിൽ ഹുസൂറിന്റെ അടുത്ത് ഹാജരായി. ആദ്യത്തെ പോലെ ഹുസൂർ പറഞ്ഞു. വന്നാലും ഞാൻ പറഞ്ഞു. ഹുസൂർ ഞാൻ വെറുതെ വന്നതാണ്. ഹുസൂർ പറഞ്ഞു. നിങ്ങൾക്ക് ഒരു ആൺകുട്ടി ജനിക്കുന്നതാണ്. നിങ്ങളുടെ കുടുംബത്തിൽ ഇതേവരെ ജനിച്ചിട്ടില്ലാത്ത തരത്തിലുള്ള കുട്ടിയായിരിക്കുമത്. അവന്റെ ഒരു കാലിൽ കറുത്ത അടയാളമുണ്ടായിരിക്കും. ഈ സ്വപ്നവും ഞാൻ ഹ: ശാ സാഹിബിനെ കേൾപ്പിച്ചു.

ആദ്യസ്വപ്നത്തിന് മൂന്ന് നാൾ കഴിഞ്ഞപ്പോൾ ഞാൻ ആരോഗ്യവാനായി. രോഗം തീരെ ഇല്ലാത്തതു പോലെ. കുറച്ച് ദിവസങ്ങൾക്ക് ശേഷം പിതാവ് 30 രൂപ എനിക്ക് അയച്ചു തന്നു. ഹ : മസീഹ് മൗഊദ് (അ) നോട് പ്രത്യേകം സ്നേഹം എന്നിൽ ഉണ്ടായി. എപ്പോഴാണ് ഹുസൂറിനെ കാണാൻ പറ്റുക എന്ന് ഞാൻ അന്വേഷിച്ചു കൊണ്ടിരുന്നു. മാതാപിതാക്കൾ രഹസ്യമായി എതിർത്തുകൊണ്ടിരുന്നു. 1904ൽ ലാഹോറിൽ പോയി ഹുസൂറിന്റെ കയ്യിൽ ബൈഅത്ത് ചെയ്തു. അഞ്ച് ദിവസം ഹുസൂറിന്റെ സവിധത്തിൽ ഹാജരായി. മർഹമെ ഈസ എന്ന് പറയുന്ന ആളുടെ വീടിനടുത്തായിരുന്നു ഹുസൂർ താമസിച്ചിരുന്നത്. ഒരു മൗലവി മരത്തിൽ കയറി വളരെയധികം അസഭ്യം പറയുന്നുണ്ടായിരുന്നു. ടാലി മൗലവി എന്നാണ് അയാൾ അറിയപ്പെട്ടിരുന്നത്.

ഹ:ഹാഫിസ് ഇബ്റാഹീം സാഹിബ്(റ) 1899 ലാണ് ബൈഅത്ത് ചെയ്തത്. 1900 ൽ ഹ: മസസീഹ് മൗഊദ് (അ)ന്റെ കയ്യിൽ നേരിട്ട് ബൈഅത്ത് ചെയ്തു. അദ്ദേഹം വിവരിക്കുന്നു; '1899 ൽ ഞാൻ കത്തു മുഖേന ബൈഅത്ത് ചെയ്യുകയുണ്ടായി. അതിനു മൂന്ന് നാല് വർഷം മുമ്പ് ബൈഅത്ത് ചെയ്യാൻ എന്റെ പിതാവ് എന്നെ അയച്ചിരുന്നു. എന്നാൽ ചില കാരണങ്ങളാൽ ഞാൻ വീട്ടിലേക്ക് തിരിച്ചു വന്നു. ഇതിനുശേഷം ഞങ്ങളുടെ ആത്മസുഹൃത്തും ഉസ്താദുമായ സയ്യിദ് ബഹാവൽശാ സാഹിബ്, ഹ: മസീഹ് മൗഊദ് (അ)ന് ബൈഅത്ത് ചെയ്തു. ഹുസൂറിന്റെ പുസ്തകങ്ങൾ എന്നെ വായിച്ച് കേൾപ്പിക്കാൻ തുടങ്ങി. ഹുസൂർ അതു വരെ പ്രസിദ്ധീകരിച്ച ഗ്രന്ഥങ്ങളെല്ലാം വായിച്ച് കേട്ടിരുന്നു. (വായിക്കാൻ അറിയാത്തവരും ഗ്രന്ഥങ്ങൾ വായിച്ച് കേൾക്കുമായിരുന്നു.) ആ ദിവസങ്ങളിൽ ഞാൻ സ്വപ്നത്തിൽ കാണുകയാണ്. തിരുനബി (സ) ആഗതരായിട്ടുണ്ട്. ഞാൻ തിരുനബി (സ) യോട് ചോദിക്കുകയാണ്. ഹുസൂർ ! മിർസാസാഹിബ് ഈ സമയം മസീഹും മഹ്ദിയുമാണെന്ന് വാദിച്ചിട്ടുണ്ട്. അദ്ദേഹം തന്റെ വാദത്തിൽ സത്യവാനാണൊ ?

ഹുസൂർ (സ) പറഞ്ഞു. "അതേ സത്യവാനാണ്." ഞാൻ പറഞ്ഞു ഹുസൂർ സത്യം ചെയ്തു പറഞ്ഞാലും. തിരുനബി (സ) പറഞ്ഞു." എനിക്ക് സത്യം ചെയ്യേണ്ട ആവശ്യമില്ല. ഞാൻ ആകാശഭൂമിയിലെ വിശ്വസ്ഥനാണ് " ഇതിനു ശേഷം അടുത്ത പകൽ ഹ:മസീഹ് മൗഊദ്(അ)ന്റെ സമക്ഷം ബൈഅത്ത് ചെയ്തു കൊണ്ടുള്ള കത്ത് അയച്ചു. അതിൽ തിരുനബി (സ) യുടെ അസ്സലാമു അലൈക്കും എഴുതുകയും ചെയ്തു. 1900 ൽ ഖാദിയാനിൽ വന്ന് ഹുസൂറിന്റെ കയ്യിൽ നേരിട്ട് ബൈഅത്ത് ചെയ്തു.'

ഹ : മുൻശി ബറക്കത്തലി സാഹിബ് തന്റെ ഒരനുഗ്രഹീത സ്വപ്നം ഇപ്രകാരം വിവരിക്കുന്നു. 1901 ൽ ഇദ്ദേഹം ബൈഅത്ത് ചെയ്തു. അതേവർഷം തന്നെ നേരിട്ട് പോയി കാണുകയും ചെയ്തു. അദ്ദേഹം പറയുന്നു. 1901 ലെ തുടക്കത്തിൽ കനേശുമാരി എടുക്കുകയായിരുന്നു. ഹുസൂർ ഒരു വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. തങ്ങളുടെ ഹൃദയത്തിൽ എന്നിൽ വിശ്വസിക്കുന്നവർ, അവർ ബാഹ്യമായി ബൈഅത്ത് ചെയ്തിട്ടില്ലെങ്കിലും അവർക്ക് തങ്ങളെ അഹ്മദി എന്ന് എഴുതിപ്പിക്കാവുന്നതാണ്. ആ സമയത്ത് എനിക്ക് ഹ : മസീഹ് മൗഊദിൽ ഏറെകുറെ വിശ്വാസം വന്നിരുന്നു. അതുകാരണം ഞാൻ ചന്ദ കൊടുക്കാൻ തുടങ്ങി. എന്നാൽ ബൈഅത്ത് ചെയ്തിരുന്നില്ല. ഇങ്ങനെയാണെങ്കിലും കനേശുമാരിയിൽ ഞാൻ എന്നെ അഹ്മദി എന്ന ഗണത്തിലാണ് എഴുതിപ്പിച്ചത്.

സ്വപ്നത്തിൽ ഒരിക്കൽ ഹുസൂറിനെ ഞാൻ കണ്ടു. പുലർച്ചെ നാല് മണിക്ക് എന്റെ അടുത്ത റൂമിലെ അഹ്മദികളുടെ അടുത്ത് ഹുസൂർ വന്നിട്ടുണ്ടെന്ന് ഞാൻ അറിഞ്ഞു. ഹുസൂറുമായി കൂടിക്കാഴ്ച്ച നടത്താനായി ഞാനും ആ റൂമിലേക്ക് പോയി. അവിടെയെത്തി അസ്സലാമു അലൈക്കും എന്ന് പറഞ്ഞു. വ അലൈക്കുമുസ്സലാം എന്ന് ഹുസൂർ മറുപടിയും പറഞ്ഞു. എന്നിട്ട് ചോദിച്ചു. "ബറക്കത്തലി! എന്നാണ് നമ്മുടെ അടുത്തേക്ക് വരുന്നത്?" ഞാൻ പറഞ്ഞു; 'ഹദ്റത്! ഇതാ വരിക തന്നെയാണ്.' ഹുസൂർ അപ്പോൾ കട്ടിലിൽ ഇരിക്കുകയായിരുന്നു. ഷർട്ട് ഇട്ടിരുന്നില്ല. തലമുടി നീണ്ടതായിരുന്നു. വയറ് കാണുന്നുണ്ടായിരുന്നു. ഇതിനു കുറച്ച് ദിവസങ്ങൾക്ക് ശേഷം ഞാൻ എഴുത്തുമുഖേന ബൈഅത്ത് ചെയ്തു. ഉണർന്നിരിക്കുമ്പോൾ കണ്ടതുപോലെയാണ് ഈ ദൃശ്യവും ഞാൻ ഇപ്പോഴും ഓർക്കുന്നത്. അതിനു ശേഷം ജൽസാ സാലാനയുടെ അവസരത്തിൽ ദാറുൽ അമാനിൽ ഹാജറായി കയ്യിൽ ബയ്അത്ത് ചെയ്യുകയും ചെയ്തു. ആ സമയത്ത് ഹുസൂറിന്റെ മുഖം ഞാൻ സ്വപ്നത്തിൽ കണ്ടതുപ്പോലെ ത്തന്നെയായിരുന്നു.

കുറച്ച് ദിവസങ്ങൾക്ക് ശേഷം യാദൃശ്ചികമായി ഹദ്റത്ത് സാഹിബ് സാദാ മിർസാ ബശീർ അഹ്മദ് സാഹിബ് താമസിക്കുന്ന അതിഥി മന്ദിരത്തിൽ ഞാനെത്തി. (മസ്ജിദ് അഖ്സയുടെ അടുത്തുള്ള വീടാണിത്.) ഞാൻ ഒരു കട്ടിലിൽ ഇരിക്കുകയായിരുന്നു. എന്റെ മുന്നിൽ ടറസിന്റെ ഉയർന്ന സ്ഥലത്ത് ഹുസൂർ പ്രത്യക്ഷപ്പെടുകയുണ്ടായി. കുളിച്ച് വരികയായിരുന്നു. മുടി വ്യക്തമായി കാണാമായിരുന്നു. ഷർട്ട് ഇട്ടിരുന്നില്ല. ഈ രൂപം ഞാൻ സ്വപ്നത്തിൽ കണ്ടതുപ്പോലെ

അനുഭവപ്പെട്ടു. ഈ സ്വപ്നമെല്ലാം എന്നിൽ വഴികാട്ടാനായി അല്ലാഹു കാണിച്ചുതന്നതാണെന്ന ദൃഢജ്ഞാനം എനിക്കുണ്ടായി.

ഹദ്റത്ത് ഖൈറുദ്ദീൻ സാഹിബ്, മുസ്തഖീം സാഹിബിന്റെ മകൻ വിവരിക്കുന്നു, 1960- ലാണ് ഇദ്ദേഹം ബയ്അത്ത് ചെയ്തത്. 1906 ൽ തന്നെ ഹുസൂറിനെ സന്ദർശിച്ചു. ഒരിക്കൽ സ്വപ്നത്തിൽ ഞാൻ ആകാശത്ത് നിന്ന് ഒരു ശബ്ദം കേട്ടു. നൂറുദ്ദീന്റെ പേര് മലക്കുകളിൽ അബ്ദുൽ ബാസിത്ത് എന്നാണ്. ഈ സംഭവം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിനെ കേൾപ്പിച്ചു. അദ്ദേഹം ചിരിച്ചുകൊണ്ട് പറഞ്ഞു, എന്റെ പേര് അബ്ദുൽ ബാസിത് എന്നാണെന്ന് എനിക്കറിയാം.

ഹദ്റത്ത് ഖൈറുദ്ദീൻ സാഹിബ്, മുശ്തഖീം സാഹിബിന്റെ മകൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനിയെക്കുറിച്ച് പറഞ്ഞു. ഹുസൂർ ഖിലാഫത്ത് പദവിയിൽ അവരോധിതനായതിനു ശേഷം ആദ്യപ്രസംഗം മസ്ജിദ് മുബാറക്കിൽ വെച്ച് നടത്തുകയായിരുന്നു. ആ സമയം അദ്ദേഹത്തിന്റെ കാലിൽ വൃണമുള്ളതുകൊണ്ട് അദ്ദേഹത്തിനായി കസേര കൊണ്ടുവരികയായിരുന്നു. അദ്ദേഹം പ്രസംഗം തുടങ്ങി. അപ്പോൾ ഞാൻ ഗോവണിപ്പടിക്കടുത്ത് മസ്ജിദിൽ ഇരിക്കുകയായിരുന്നു. മസ്ജിദ് നിറഞ്ഞു കവിഞ്ഞിരുന്നു. ആ സമയം ഞാൻ ഉറക്കത്തിലോ, മയക്കത്തിലോ ആയിരുന്നില്ല. ഞാൻ നല്ല ഉണർന്ന അവസ്ഥയിൽ തന്നെയായിരുന്നു. ഞാൻ ഒരു ദൃശ്യം കാണികയാണ്. സൂര്യപ്രകാശം മാറി മറ്റൊരു പ്രകാശം പ്രസരിക്കാൻ തുടങ്ങിയിട്ടുണ്ട്. ആ പ്രകാശം വളരെയധികം ആനന്ദനിർഭരമായിരുന്നു. അതിന്റെ ആനന്ദവും അനുഭൂതിയും എനിക്ക് വിവരിക്കാൻ കഴിയില്ല. കണ്ടു നിൽക്കെ പെട്ടെന്ന് പള്ളി തന്നെ ഇല്ലാതായി. സദസ്സും അപ്രത്യക്ഷമായി. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി മാത്രം കൺമുന്നിൽ ഒരു നക്ഷത്രംപ്പോലെ തിളങ്ങിക്കൊ ണ്ടിരിക്കുന്നുണ്ട്. അത് ആ പ്രകാശത്തിൽ കറങ്ങിക്കൊണ്ടിരിക്കുന്നു. ഈയൊരവസ്ഥ വളരെ ദീർഘനേരം വരെ നിലനിന്നു. എന്നാൽ ഉറക്കമോ, മയക്കമോ അപ്പോൾ ഉണ്ടായിരുന്നില്ല. ശരിക്കും ആ സദസ്സിൽ ഞാൻ ഇരിക്കുക തന്നെയാണ്. ഈ ആത്മീയ ദൃശ്യം കാണുകയും ചെയ്യുന്നു. കുറച്ച് കഴിഞ്ഞപ്പോൾ ഈ ദൃശ്യം മാറുകയും പള്ളി ദൃശ്യമാകുകയും മുമ്പത്തെപ്പോലെ ജനങ്ങളും ഖലീഫത്തുൽ മസീഹ് സാനിയും എല്ലാം ദൃശ്യമാകുകയും ചെയ്തു. നേരത്തെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനിയുടെ ചുറ്റും ഞാൻ കണ്ടിരുന്ന പ്രകാശം അത് ഒരു നക്ഷത്രത്തിന്റെ രൂപത്തിലായിരുന്നു. അത് പതിനൊന്ന് ദിവസം വരെ ഖലീഫത്തുൽ മസീഹ് സാനിയുടെ ചുറ്റും കണ്ടുകൊണ്ടിരുന്നു. അദ്ദേഹം എവിടെപ്പോയാലും ആ പ്രകാശം മുന്നിലും പിന്നിലും വലതും ഇടത്തും ഉണ്ടാകും. ഞാൻ ഏതവസ്ഥയിലായാലും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനിയെ അതേ രൂപത്തിലാണ് കണ്ടിരുന്നത്. വീട്ടിലാണെങ്കിലും പുറത്ത് ജോലിയിലാണെങ്കിലും വെറുതെ ഇരിക്കുകയാണെങ്കിലും, ഭക്ഷണം കഴിക്കുകയാണെങ്കിലും, സംസാരിക്കുകയാണെങ്കിലും എല്ലാം ഇതുതന്നെയാണ് കണ്ടിരുന്നത്. ഏതവസ്ഥയിലും ഈ കശ്ഫിന്റെ അവസ്ഥ അദ്ദേഹം ദർശിച്ചിരുന്നു. ആ പ്രകാശത്തെയും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനിയെയും ഞാൻ കണ്ടുകൊണ്ടേയിരുന്നു. ഇങ്ങനെയുള്ള കശ്ഫ് ഞാൻ മുമ്പ് കേട്ടിട്ടില്ല. ഇത്ര ദീർഘമായി കാണുകയും ചെയ്തിട്ടില്ല. ഇതെല്ലാം തന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബർക്കത്തും നൂറെ നുബുവ്വത്തിന്റെ സ്വാധീനവുമാണ്. അതുകൊണ്ടാണ് എന്നെപ്പോലുള്ള ഒരു നിസാരവ്യക്തിക്കും ഇത്രയും സുദീർഘമായ കശ്ഫ് കാണാൻ സാധിച്ചത്. ഈ കശ്ഫ് യാഥാർത്ഥ്യത്തിൽ വിശുദ്ധ ഖുർആനിൽ പറഞ്ഞ ഒരവസ്ഥയെയാണ് ഓർമ്മിപ്പിക്കുന്നത്. സജ്ജനങ്ങളായവർക്ക് ഒരു പ്രകാശം നൽകപ്പെടുന്നതാണ്. സൂറ തഹ്രീദിൽ അല്ലാഹു പറയുന്നു

نُوْرُهُمْ يَسْعٰى بَيْنَ اَيْدِيْهِمْ وَبِاَيْمَانِهِمْ

രണ്ടാമത്തെ ആയത്ത് ഇപ്രകാരമാണ്. ആർക്കാണോ ഈ ദുൻയാവിൽ പ്രകാശം ലഭിക്കാത്തത് അവർക്ക് ഖിയാമത്തിൽ എങ്ങനെ പ്രകാശം ലഭിക്കാനാണ്. അല്ലാഹു എനിക്ക് ഇതിലൂടെ പറഞ്ഞു തരുന്നത് ഖിയാമത്ത് നാളിൽ പ്രകാശം ലഭിക്കുന്ന വരിഷ്ഠ ദാസരിൽ ഉൾപ്പെട്ട വ്യക്തിയാണ് നിന്റെ ഖലീഫ എന്നതാണ്. ഈ ദുൻയാവിലും ആ വ്യക്തി തന്റെ ദൈവത്തിന്റെ പ്രകാശത്തിൽ നിലനിൽക്കുന്നതാണ്.

ഹദ്റത്ത് ഖാസി മുഹമ്മദ് യൂസുഫ് സാഹിബ് 1902ൽ കത്ത് മുഖേന ബയ്അത്ത് ചെയ്തു. 1902 ഡിസംബറിൽ നേരിട്ടും ബയ്അത്ത് ചെയ്തു. പറയുന്നു, അല്ലാഹു രണ്ട് മലക്കുകളെ എന്റെ സംരക്ഷണത്തിനായി നിയമിച്ചിരിക്കുന്നു. ഒരാളുടെ പേര് മുഹമ്മദ് സിദ്ദീഖ് എന്നാണ്. അത് എന്റെ പിതാവിന്റെ രൂപത്തിലാണ്, രണ്ടാമത്തെ ആളുടെ പേര് ഗുലാം സമദാനി എന്നതാണ്. പ്രയാസങ്ങൾ ഉള്ള സമയത്ത് മലക്ക് വീണ്ടും രൂപം പൂണ്ട് ദൃശ്യമാകും. ഇത് കേൾപ്പിച്ചപ്പോൾ ഉപ്പ പറഞ്ഞു: ചുരുങ്ങിയത് രണ്ടു പ്രാവശ്യം അൽഹംദുലില്ലാഹ് എന്ന് ചൊല്ലുക. അതിനു ശേഷം എല്ലാ നമസ്കാരങ്ങളിലും ഞാൻ **അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ** എന്നത് ചൊല്ലുന്നതാണ്. (ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയാറുണ്ട് യഥാർത്ഥത്തിലുള്ള സ്തുതിക്കർഹൻ അല്ലാഹുവാണ്. ഈ സ്തുതിയാണ് അല്ലാഹുവിന്റെ സമീപത്തേക്ക് നമ്മെ കൊണ്ടുപോകുന്നത്. പ്രയാസങ്ങൾ അകറ്റാനും ബുദ്ധിമുട്ടുകൾ പരിഹരിക്കാനും കൂടുതലായി സൂറാ ഫാത്തിഹ ഓതേണ്ടതാണ്. അതിന്റെ ഓരോ വാക്കും ശ്രദ്ധിക്കേണ്ടതാണ്).

ഹദ്റത്ത് മുഹമ്മദ് ഫാസിൽ സാഹിബ്, നൂർ മുഹമ്മദ് സാഹിബിന്റെ മകന്റെ നിവേദനമാണ്. 1899 ന്റെ അവസാനത്തിലോ 1900 ലെ തുടക്കത്തിലോ ആണ് ബയ്അത്ത് ചെയ്തത്. പറയുന്നു, ആദ്യ ആചാരപ്രകാരം ഞാൻ പൊക്കിളിന് താഴെയാണ് നമസ്കാരത്തിൽ കൈ കെട്ടാറുള്ളത്. (അനഹ്മദികളിൽ ചിലർ പൊക്കിളിന് താഴെ കൈ കെട്ടാറുണ്ട്). അതേപ്പോലെ ആരുടെയെങ്കിലും പിന്നിൽ നമസ്കരിക്കാൻ അവസരം കിട്ടിയാൽ ഫാത്തിഹ ഇമാമിനു പിന്നിൽ ഓതണമോ വേണ്ടയോ എന്ന സംശയവും മനസ്സിൽ ഉണ്ടാകാറുണ്ടായിരുന്നു. (ഇമാമിന് പിന്നിൽ ഫാത്തിഹ ഓതുന്നതിനെക്കുറിച്ചും പൊക്കിളിന് താഴെ കൈ കെട്ടുന്നതിനെക്കുറിച്ചും എപ്പോഴും സംശയമായിരുന്നു). ഇമാമിന് പിന്നിൽ ഫാത്തിഹ ഓതേണ്ടതുണ്ടോ അതേപ്പോലെ കൈ നെഞ്ചിനും പൊക്കിളിനും ഇടയിൽ കെട്ടണോ എന്താണ് ശരിക്കും ചെയ്യേണ്ടത് എന്ന് അറിയില്ലായിരുന്നു. ഇതു സംബന്ധമായി എപ്പേഴും അസ്വസ്ഥനായിരുന്നു. ഈ

ചിന്തയിൽ ഒരിക്കൽ ഞാൻ കിടന്നുറങ്ങി. സ്വപ്നത്തിൽ ഞാൻ ഖാദിയാനിൽ എത്തിയിരിക്കുന്നതായി കണ്ടു. മസ്ജിദ് മുബാറക്ക് ഉള്ള ആ വഴിയിലൂടെ ഞാൻ പോവുകയാണ്. മസ്ജിദ് അഖ്സയുടെ വാതിൽക്കൽ ഞാൻ എത്തി. നേരെയുള്ള ഗോവണിയിലൂടെ കയറി പള്ളിയിലേക്ക് പ്രവേശിക്കുന്നു. മസ്ജിദിന്റെ കോമ്പൗണ്ടിൽ ചെരുപ്പ് വെക്കുന്ന സ്ഥലത്ത് ഒരു വൃക്ഷമുണ്ട്. അതിന്റെ താഴെ ഒരു കബർ ഉണ്ട്. അതിന്റെ വടക്ക് ഭാഗത്ത് ഒരു കിണറുമുണ്ട്. മസ്ജിദിൽ ഒരു സംഘം ആളുകൾ നെഞ്ചിൽ കൈകെട്ടിക്കൊണ്ട് നിൽക്കുന്നു. മുസല്ലയിൽ ഹദ്ത്ത് മസീഹ് മൗഊദ് (അ) ഇമാമത്ത് വഹിക്കുന്നു. ഇമാമിന്റെ പിന്നിൽ ഒരാൾക്ക് നിൽക്കാനുള്ള ഇടം ഒഴിഞ്ഞു കിടക്കുന്നുണ്ട്. ഞാൻ അവിടെപ്പോയി നിന്നു നെഞ്ചത്ത് കൈ കെട്ടി സൂറാ ഫാത്തിഹ ഓതി. ഫാത്തിഹ അവസാനിപ്പിച്ച് ആമീൻ പറഞ്ഞപ്പോൾ എന്റെ കണ്ണ് തുറന്നു. അങ്ങനെ ഈ പ്രശ്നം പരിഹരിക്കപ്പെടുകയുണ്ടായി. കൈ നടുവിൽ കെട്ടണമെന്നും സൂറാ ഫാത്തിഹ ഇമാമിനു പിന്നിലും ഓതണമെന്നും മനസ്സിലായി.

ഹദ്റത്ത് ഖൈറുദ്ദീൻ സാഹിബ്, മുസ്തഖീം സാഹിബിന്റെ മകൻ, പറയുന്നു; ഒരിക്കൽ ഞാൻ സ്വപ്നത്തിൽ ഇപ്രകാരം കണ്ടു. ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) വിരുന്നിനായി പലരെയും ക്ഷണിച്ചിരിക്കുന്നു. സദ്യക്കുള്ള തയ്യാറെടുപ്പ് ഉമ്മുൽ മുഅ്മിനീനാണ് ചെയ്തിരുന്നത്. ഹദ്റത്ത് അഖ്ദസും മേൽനോട്ടം വഹിക്കുന്നുണ്ട്. ഞാൻ സന്ദേശവാഹകൻ എന്ന നിലയ്ക്ക് അവിടെ എത്തിയപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു, ഇദ്ദേഹത്തിന് ചോറ് നൽകിയാലും. എനിക്ക് ചോറ് നൽകപ്പെട്ടു. ഇതേപ്പോലെ മറ്റൊരു സംഭവവും ഇതുമായി ബന്ധപ്പെട്ടിരുന്നത് - എന്നാൽ ഈ വിരുന്നിലായിരുന്നോ അതോ മറ്റൊരു സമയത്തായിരുന്നോ ഇത് സംഭവിച്ചത് എന്നെനിക്കറിയില്ല. ആ സംഭവം എന്തായിരുന്നു എന്ന് എനിക്ക് ഓർമ്മയുണ്ട്. ഹുസൂർ (അ) പറയുകയുണ്ടായി; 'ഇദ്ദേഹത്തിന് കുർത്ത ധരിപ്പിക്കുക.' ഇത് പറഞ്ഞ് കഴിഞ്ഞപ്പോൾ ഞാൻ എന്റെ ശരീരത്തിലേക്ക് ഒന്ന് നോക്കി. ഞാൻ മനോഹരമായ ഒരു കുർത്ത ധരിച്ചിരിക്കുന്നു. എങ്ങിനെയാണ് ധരിച്ചത് എന്നോ എപ്പോഴാണ് ധരിച്ചത് എന്നോ എനിക്കറിയില്ല. എന്റെ ശരീരത്തിൽ കുർത്ത ഞാൻ കാണുന്നു. അതിന്റെ സ്വാധീനം ഇപ്പോഴും എന്നിൽ ഞാൻ അനുഭവിക്കുകയാണ്.

ഇതേപ്പോലെ സ്വപ്നത്തിൽ ഒരാളെ ഞാൻ കണ്ടു. അദ്ദേഹം സഹാബാക്കളിൽ ഉൾപ്പെട്ട വ്യക്തിയാണ്. സ്വപ്നത്തിന് ശേഷം എനിക്ക് മനസ്സിലായത് ഈ സ്വപ്നം ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഒരു കവിതാ ശകലത്തോട് യോജിക്കുന്നതാണ്. അതായത് എന്നെ പ്രാപിച്ചവർ സഹാബാക്കളുമായി കുടിച്ചേരുകയുണ്ടായി. അതേ പാനീയം അല്ലാഹു ഇവർക്കും നൽകുകയുണ്ടായി. ഞാൻ കണ്ട ആ വ്യക്തി തന്റെ ശരീരത്തിൽ ഒരു ചാദർ ചുറ്റിയിട്ടുണ്ട്. അതിന്റെ കര ചുവന്നതാണ്. ഞാൻ അദ്ദേഹത്തിനോട് ചോദിച്ചു, ഇത് നിങ്ങൾക്ക് എവിടെ നിന്ന് കിട്ടി? അദ്ദേഹം പറഞ്ഞു, ഇത് എനിക്ക് മുഹമ്മദ് (സ) തന്നതാണ്. ഞാൻ പറഞ്ഞു, മുഹമ്മദ് റസൂലുല്ലാഹി (സ) 1400 വർഷമായി ഈ ലോകത്ത് നിന്ന് വിട പറഞ്ഞിട്ട്. ഇത് കേട്ടപ്പോൾ അദ്ദേഹം പറഞ്ഞു, എനിക്ക് തിരുനബി (സ) തന്നെയാണ് ഇത് തന്നത്. തിരുനബി (സ)യിൽ നിന്ന് തന്നെയാണ് ഞാൻ വാങ്ങിയത് എന്നോ പറയുകയുണ്ടായി. (ഈ വചനത്തിലേ സംശയമുള്ളൂ) ഏതായിരുന്നാലും ഞാൻ ചോദിച്ചു, മുഹമ്മദ് റസൂലുല്ലാഹ് (സ) യുടെ വീടിനെ സംരക്ഷിക്കുന്നത് ആരാണ്. അദ്ദേഹം പറഞ്ഞു, മുഹമ്മദ് റസൂലുല്ലാഹ് (സ) യുടെ വീടിനെ സംരക്ഷിക്കുന്നത് മസ്ജിദിലെ ആളുകളാണ്. ഞാൻ ചോദിച്ചു, മുഹമ്മദ് (സ) യുടെ പത്നിമാരുടെ അവസ്ഥ എന്താണ്. അദ്ദേഹം മറുപടി പറഞ്ഞു, ഭാര്യമാരുടെ അവസ്ഥ എന്ത് ചോദിക്കാനാണ്. അവരിൽ ചിലർ ഡൽഹിയിൽ എത്തിയിട്ടുണ്ട്. ആ സമയത്ത് ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് നുസ്റത്ത് ജഹാൻ ബീഗം സാഹിബ ഡൽഹി നിവാസിയായിരുന്നെന്ന് എനിക്കറിയില്ലായിരുന്നു. അല്ലാഹു തആല ആത്മീയവും ഭൗതീകവുമായ രീതിയിൽ ഈ പ്രസ്ഥാനം വിശുദ്ധ ഖുർആൻ പറഞ്ഞ പ്രകാരമുള്ളത് തന്നെയാണെന്ന് എനിക്ക് അറിയിച്ച് തരികയായിരുന്നു. **വ ആഖരീന** എന്ന ആയത്തിൽ ഇത് പറയുന്നുണ്ട്.

ഖൈർ ദീൻ സാഹിബിന്റെ ഒരു നിവേദനം. പറയുന്നു, ഒരിക്കൽ ഈ വിനീതൻ സ്വപ്നത്തിൽ മസ്ജിദ് അഖ്സ കണ്ടു. അതിന്റെ അടുത്ത് തന്നെ ബൈത്തുല്ലായുമുണ്ട്. ഇത് രണ്ടിന്റെയും രൂപം ഒന്നു തന്നെയാണ്. ഖാദിയാനിൽ ഉള്ള മസ്ജിദ് അഖ്സ ഏതാണെന്നും ബൈത്തുല്ലാഹ് ഏതാണെന്നും എനിക്ക് തിരിച്ചറിയാൻ കഴിയുന്നുണ്ടായിരുന്നില്ല. രണ്ടിന്റെയും രൂപം എനിക്ക് ഒന്നായി തോന്നുന്നു. ഞാൻ പറയുകയാണ് 'ഇതിനെയാണോ അതോ അതിനെയാണോ മസ്ജിദ് അഖ്സ എന്ന് പറയേണ്ടത്.' ചുരുക്കത്തിൽ ഇവ രണ്ടും തന്നെ എനിക്ക് ഒന്നായി തോന്നുന്നു. അങ്ങനെ കണ്ണ് തുറന്നു. അതിന്റെ വ്യാഖ്യാനം എനിക്ക് മനസ്സിലായത് ഈ പ്രസ്ഥാനം **വ ആഖരീന മിൻഹും ലമ്മാ യൽഹഖൂ ബിഹിം** എന്നതിൽ പറയപ്പെട്ട അതേ പ്രസ്ഥാനം തന്നെയാണ്.

ഹക്കീം അതാ മുഹമ്മദ് സാഹിബ് 1901 ലാണ് ഇദ്ദേഹം ബയ്അത്ത് ചെയ്തതും മുലാഖാത്ത് നടത്തിയതും. അദ്ദേഹം പറയുന്നു: ബയ്അത്തിന് ശേഷം കുറച്ച് ദിവസം ഖാദിയാനിൽ താമസിച്ചു. ഹുസൂറിനോട് അനുവാദം വാങ്ങി തിരിച്ച് ലാഹോറിൽ വന്നു. സൂഫി അഹ്മദ് ദീൻ സാഹിബ് ഡോരിവാഹ് അഹ്മദിയ്യാ ജമാഅത്തിലെ അംഗങ്ങളുമായി മുലാഖാത്ത് നടത്തിപ്പിച്ചു. കുറച്ച് കാലം കഴിഞ്ഞപ്പോൾ ഒരു സുഹൃത്ത് സ്നേഹത്തോടെ പറഞ്ഞു, മുഹമ്മദ് സാഹിബ് ഖാദിയാനിൽ വന്നിരിക്കുന്നു. ഇത് കേട്ടപ്പോൾ എനിക്ക് ആശ്ചര്യമാണുണ്ടായത്. കാരണം ഞാൻ പുതുതായി ബയ്അത്ത് ചെയ്തതെ ഉണ്ടായിരുന്നുള്ളൂ. ഞാൻ ദുആ ചെയ്തു. അല്ലാഹുവെ മുഹമ്മദ് റസൂലുല്ലാഹ് (സ) വീണ്ടും വന്നു എന്നതാണ് ഈ ജമാഅത്തന്റെ വിശ്വാസമെങ്കിൽ, മിർസാ സാഹിബ് എങ്ങനെയാണ് മുഹമ്മദ് (സ) ആകുക. ഞാൻ സ്വപ്നത്തിൽ കാണുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു സ്ഥലത്ത് നിൽക്കുന്നു. ആകാശത്ത് നിന്ന് ഒരു മലക്ക് ഇറങ്ങി വന്നുകൊണ്ട് എന്നോട് ചോദിച്ചു. 'ഇതാരാണ്.' ഞാൻ പറഞ്ഞു, ഇത് മിർസാ സാഹിബാണ്. പിന്നീട് ഞാൻ കാണുന്നത് ആകാശത്തു നിന്ന് തിരുനബി (സ)യുടെ പ്രകാശം ഇറങ്ങുന്നതായാണ്. ആ പ്രകാശം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മസ്തിഷ്കത്തിൽ ആഴ്ന്നിറങ്ങിയിരിക്കുന്നു. തുടർന്ന് അത് ശരീരമാസകലം വ്യാപിച്ചു. ഹുസൂറിന്റെ മുഖം ആ പ്രകാശത്തിൽ പ്രഭാപൂരിതമായി

ത്തീർന്നിരിക്കുന്നു. അതിനുശേഷം എന്നോട് ആ മലക്ക് ചോദിച്ചു, ഇതാരാണ്. ഞാൻ പറഞ്ഞു, ആദ്യം മിർസാ സാഹിബായിരുന്നു. ഇപ്പോൾ ശരിക്കും മുഹമ്മദ് (സ) ആയി മാറിയിരിക്കുന്നു. യഥാർത്ഥത്തിൽ ഈ മുഹമ്മദിയ്യാ പ്രകാശം തന്നെയാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) പ്രചരിപ്പിക്കാനായി വന്നത്.

ഹദ്റത്ത് ശൈഖ് മുഹമ്മദ് അഫ്സൽ സാഹിബിന്റെ രിവായത്ത്. 1905 ലാണ് ഇദ്ദേഹം ബയ്അത്ത് ചെയ്തത്. അദ്ദേഹം പറയുന്നു. എന്റെ മൂത്താപ്പ ഹഖീം ശൈഖ് ഇബാദുല്ലാഹ് സാഹിബ്, മൂത്താപ്പയുടെ സഹോദരൻ ശൈഖ് കറം ഇലാഹി സാഹിബ് നേരത്തെ ബയ്അത്ത് ചെയ്തിരുന്നു. എന്നാൽ ഞാൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ കാണുകയോ ഹുസൂറിന്റെ ഫോട്ടോയോ കണ്ടിരുന്നില്ല. എനിക്ക് 12 വയസ്സുള്ളപ്പോൾ സ്വപ്നത്തിൽ കാണുകയാണ്, എന്റെ ശരീരത്തിലെ ശക്തി മുഴുവനും ചോർന്ന് പോയിരിക്കുന്നു. തലച്ചോറിൽ കാര്യങ്ങൾ മനസ്സിലാക്കുവാനും കണ്ണിന് കാണുവാനുമുള്ള കഴിവുകൾ മാത്രം അവശേഷിക്കുന്നു. എന്റെ മുന്നിൽ ഒരാൾ ഇരിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ പിന്നിൽ മുട്ടിന് താഴെ വരെയുള്ള കാലുകൾ കാണുന്നുണ്ട്. എന്റെ ഹൃദയത്തിൽ ഇപ്രകാരം ചിന്ത വന്നു. അവിടെ ഇരുന്ന് നിന്നിലേക്ക് നോക്കുന്ന ഈ വ്യക്തി മിർസാ സാഹിബാണ്. പിന്നിൽ കാണുന്ന ആ അനുഗ്രഹീത പാദങ്ങൾ അത് റസൂൽ (സ) യുടേതാണ്. അപ്പോഴേക്കും ഞാൻ ഉണർന്നു. രാവിലെ ഞാൻ മുർത്തസാ ഖാൻ സാഹിബിനോട് (ഇദ്ദേഹം അബ്ദുല്ലാഹ് ഖാൻ സാഹിബിന്റെ മകനാണ്. അദ്ദേഹം പിന്നീട് ലാഹോരി പാർട്ടിയിൽ ചേരുകയുണ്ടായി.) ഈ സ്വപ്നം പറഞ്ഞു, അതിന്റെ വ്യാഖ്യാനം എന്താണെന്ന് അന്വേഷിച്ചു. അദ്ദേഹം പറഞ്ഞു, 'നിനക്ക് മിർസാ സാഹിബ് മുഖേന റസൂൽ തിരുമേനി (സ) യുടെ അദ്ധ്യാപനമാണ് ലഭിക്കുന്നത്.' യഥാർത്ഥത്തിൽ ഇതു തന്നെയാണ് സംഭവിക്കുന്നതും. ഞാൻ അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തുകൊണ്ട് എഴുതുന്നു, 1905 ൽ ഞാൻ ബയ്അത്ത് ചെയ്തപ്പോൾ എന്നിലേക്ക് സ്വപ്നത്തിൽ നോക്കിയിരുന്ന അതേ രൂപമായിരുന്നു ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെത്. ഇതേ രീതിയിൽ അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് സത്യമാർഗ്ഗം കാണിച്ചു കൊടുക്കുന്നതാണ്.

ഹദ്റത്ത് ശൈഖ് മുഹമ്മദ് അഫ്സൽ സാഹിബ് പറയുന്നു; എനിക്ക് 15 വയസ്സ് ആയിരുന്നപ്പോൾ ഞാൻ സ്വർഗ്ഗ നരകങ്ങളെയും അഅ്റാഫും സ്വപ്നത്തിൽ കാണുകയുണ്ടായി. ആ കാഴ്ച സുദീർഘമായി വിവരിക്കാനുണ്ട്. എന്നാൽ ഞാൻ ഒരു കാര്യം മാത്രം പറയാം. സ്വർഗ്ഗം കണ്ട് ഞാൻ തിരിച്ച് പുറത്തേക്ക് വന്നപ്പോൾ ഒരാളെ ഞാൻ കണ്ടു. അദ്ദേഹം എന്റെ തോളിൽ കൈ വെച്ച്കൊണ്ടു പറഞ്ഞു; കുട്ടീ, നീ എവിടെയാണ്. ഞാൻ അതിന് മറുപടി ഒന്നും പറഞ്ഞില്ല. അദ്ദേഹത്തോട് ഞാൻ ചോദിച്ചു, 'ഈ സ്വർഗ്ഗം എത്ര വില വരുന്നതാണ്'. ആ വ്യക്തി പറഞ്ഞു, നിന്റെ പട്ടിയാല നൂറ് പ്രാവശ്യം വിറ്റാലും ഈ സ്ഥലത്തിന്റെ ഒരു ഇഷ്ടികയുടെ വിലപ്പോലും ആകുകയില്ല.(അദ്ദേഹം പട്ടിയാല സ്വദേശിയായിരുന്നു.) അപ്പോഴേക്കും ഞാൻ ഉണർന്നു. ഏതൊരു അല്ലാഹുവിന്റെ കയ്യിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണെ സത്യം. ഞാൻ 1905ൽ ബൈഅത്തിന് വേണ്ടി ഖാദിയാനിൽ എത്തിയപ്പോൾ സ്വപ്നത്തിൽ സ്വർഗ്ഗത്തിന്റെ കവാടത്തിൽ ഞാൻ കണ്ട അതേ വ്യക്തി മിർസാ സാഹിബായിരുന്നു.

നൂർ മുഹമ്മദ് സാഹിബിന്റെ മകൻ ഹദ്റത്ത് മുഹമ്മദ് ഫാസൽ സാഹിബ്(റ) 1899ലാണ് ബൈഅത്ത് ചെയ്തത്. പറയുന്നു; 'ഒരിക്കൽ വാൻകോട്ട് എന്ന സ്ഥലത്ത് പോയി. അത് ഞങ്ങളുടെ സ്ഥലത്ത് നിന്ന് എട്ട് മൈൽ ദൂരത്താണുള്ളത്. അവിടെ രാത്രി നമസ്കരിച്ച് ഉറങ്ങി. സ്വപ്നത്തിൽ ഞാൻ കാണുന്നത് ഞാൻ മുസല്ലയിൽ ഇരിക്കുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) മുസല്ലയുടെ മുമ്പിൽ വന്ന് ഇരിക്കുന്നു. എന്റെ വലതു കൈപടം തന്റെ വിരൽകൊണ്ട് തടവുന്നു. എന്നിട്ട് പറഞ്ഞു. ഹൃദയത്തിന് അൽപം ശക്തി കൈ വന്നില്ലേ? അപ്പോൾ എനിക്ക് നല്ല ശക്തി കൈവന്നതുപോലെ തോന്നുന്നു. "ഹുസൂർ ശക്തി കൈ വന്നിരിക്കുന്നു" എന്ന് ഞാൻ പറയുകയും ചെയ്തു. തുടർന്ന് ഞാൻ ഉണർന്നു.

ഹദ്റത്ത് മുഹമ്മദ് ഫാസിൽ സാഹിബ് വിവരിക്കുന്നു. ഞാൻ സ്വപ്നത്തിൽ കാണുകയാണ്. ഞാൻ ഖാദിയാനിൽ എത്തിയിരിക്കുന്നു. മസ്ജിദ് മുബാറക്കിനകത്ത് മിഅ്റാബിന്റെ അടുത്ത് ഒരു മൂലയിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇരിക്കുന്നുണ്ട്. മസ്ജിദിൽ നല്ല പ്രകാശമുണ്ട്. ഞാൻ ഹുസൂറിന്റെ മുമ്പിൽ പോയി ഇരിക്കുന്നു. ഹുസൂർ വെള്ള പ്ലേറ്റിൽ നല്ല ചുവന്ന നിറത്തിലുള്ള ഹൽവ എനിക്ക് തന്റെ തിരുകരങ്ങളാൽ തന്നുകൊണ്ട് പറഞ്ഞു. "ഇത് കഴിക്കുക." ഞാൻ അപ്പോൾ തന്നെ അത് തിന്നുകയുണ്ടായി. അത് വളരെ നല്ലതായിരുന്നു. ഉടനെ ഞാൻ ഉണരുകയും ചെയ്തു.

ഹദ്റത്ത് ഹാഫിസ് ജമാൽ അഹ്മദ് സാഹിബ് 1908 മെയ് മാസത്തിലാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ സന്ദർശിച്ചത്. അദ്ദേഹം പറയുന്നു: 'എന്റെ ഭാര്യ പറഞ്ഞു. ഒരിക്കൽ എന്റെ ഹൃദയത്തിൽ സംശയം ഉണ്ടായി. എത്രയോ പീറുമാരുണ്ട്. ഹദ്റത്ത് സാഹിബിനെ മാത്രം സത്യവാനും മറ്റുള്ളവരെ കള്ളന്മാരുമായി എന്തിന് നാം കരുതണം. പറയുന്നു. രാത്രിയിൽ അവർ സ്വപ്നത്തിൽ കാണുകയാണ്. ഹദ്റത്ത് നബി കരീം(സ) ഹദ്റത്ത് സാഹിബിന്റെ കൈപിടിച്ച്കൊണ്ട് പറയുകയാണ്, ഇദ്ദേഹത്തെ സ്വീകരിക്കാത്തവർ കാഫിറാണ്. എന്റെ ഭാര്യയുടെ കുടുംബം ആദ്യം സയ്യിദ് റിസാഖാൻ ബറേലവിയുടെ ശിഷ്യഗണത്തിൽ പെട്ടവരായിരുന്നു. ഈ സ്വപ്നത്തിനു ശേഷം അവർക്ക് തൃപ്തി വന്നു.'

ഹദ്റത്ത് മിയാൻ മുഹമ്മദ് നൂറുദ്ദീൻ സാഹിബ്(റ) 1905 ലാണ് ബൈഅത്ത് ചെയ്തത്. എഴുതുന്നു. എന്റെ ഭാര്യാപിതാവ് ഖാസി സൈനുൽ ആബിദീൻ സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദത്തിനു മുമ്പേ ഹദ്റത്ത് മുൻശീ അഹ്മദ് ജാൻ സാഹിബ്(റഹ്)ക്ക് ബൈഅത്ത് ചെയ്തിരുന്നു. ഹദ്റത്ത് മുൻശീ അഹ്മദ് ജാൻ സാഹിബ് ലുധിയാനവി വഫാത്തായതിനു ശേഷം ഖാസി സൈനുൽ ആബിദീൻ സാഹിബ് പല പ്രാവശ്യം ഹദ്റത്ത് മുജദ്ദിദ് അൽഫ് സാനി (റഹ്)യുടെ ഖബറിനടുത്ത് പോയി കശ്ഫെ കബൂറിന്റെ രൂപത്തിൽ ദുആ ചെയ്തുകൊണ്ടിരുന്നു. ഒരു ദിവസം മുജദ്ദിദ് അൽഫെ സാനിയുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തുകയുണ്ടായി. അദ്ദേഹം ചോദിച്ചു. എന്താണ് വേണ്ടത്? ഖാസി സാഹിബ് പറഞ്ഞു. "ദൈവസാമീപ്യം ലഭിക്കണം. എന്റെ വഴികാട്ടി വഫാത്തായിരിക്കുന്നു." ഇത് കേട്ടപ്പോൾ ഹദ്റത്ത് മുജദ്ദിദ് അൽഫ് സാനിയുടെ രൂപം അപ്ര

ത്യക്ഷമായി. ഖാദി സാഹിബ് അവിടെ നിന്നു. തിരിച്ചു വന്നു. രണ്ടു മൂന്നു ദിവസം കഴിഞ്ഞ് ഖാദി സാഹിബ് വീണ്ടും ഖബറിൽ ദുആ ചെയ്തു. മുമ്പത്തെ പോലെ തന്നെ മുജദ്ദിദ് അൽഫെ സാനിയുടെ രൂപം പ്രത്യക്ഷപ്പെട്ടു. എന്ത് വെണമെന്ന് ചോദിച്ചു? ഖാസി സാഹിബ് പറഞ്ഞു. 'അല്ലാഹുവുമായുള്ള ബന്ധം ആഗ്രഹിക്കുന്നു.' എന്നിട്ട് ചോദിച്ചു. 'ഞാൻ മിർസാ ഗുലാം അഹ്മദ് ഖാദിയാനിയുടെ അടുത്ത് പോകട്ടെ?' മുജദ്ദിദ് സാഹിബ് പറഞ്ഞു. 'നിനക്ക് അവിടെ സംതൃപ്തി ലഭിക്കില്ല.' ഇത് പറഞ്ഞ് വീണ്ടും ആ രൂപം അപ്രത്യക്ഷമായി. കുറച്ച് ദിവസങ്ങൾക്ക് ശേഷം ഖാസി സാഹിബ് ഖാദിയാനിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുത്ത് പോയി താമസിച്ചു. മുൻശി അഹ്മദ് ജാൻ സാഹിബിന്റെ സദസ്സിൽ ലഭിച്ചതു പോലുള്ള ആനന്ദം ഖാദിയാനിൽ ലഭിച്ചിരുന്നില്ല എന്നദ്ദേഹം പറയുന്നു. മുജദ്ദിദ് അൽഫെ സാനി പറഞ്ഞതനുസരിച്ച് ഞങ്ങൾക്ക് തൃപ്തി കൈവന്നില്ല. പലപ്പോഴായി ഖാദിയാനിൽ പോയി ഒരാഴ്ച താമസിച്ച് തിരിച്ചു വരും.

ഹദ്റത്ത് മുൻശി അഹ്മദ് ജാൻ സാഹിബ് മഹാനായ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു. അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രാരംഭജീവിതം കണ്ടുകൊണ്ട് മറ്റുള്ളവരുടെ ബൈഅത്ത് വാങ്ങുന്നത് സ്വയം ഉപേക്ഷിച്ചിരുന്നു. അദ്ദേഹത്തിന്റെ അടുത്ത് ആരെങ്കിലും ബൈഅത്തിനുവേണ്ടി വന്നാൽ പറയാറുള്ളത് ദൈവസാമീപ്യം ലഭിക്കണമെന്ന് വല്ലവരും ആഗ്രഹിക്കുന്നുണ്ടെങ്കിൽ അവർ ഖാദിയാനിൽ മിർസാ ഗുലാം അഹ്മദ് സാഹിബിന്റെ അടുത്ത് പോകുക. 1885ൽ ഇദ്ദേഹം വഫാത്തായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇദ്ദേഹം ഹജ്ജിന് പോയപ്പോൾ ദുആക്ക് വേണ്ടി എഴുതിയിരുന്നു.

മുൻശി അഹ്മദ് ജാൻ സാഹിബ് പറയാറുണ്ടായിരുന്നു, ആരുമില്ലാത്തപ്പോൾ ഞങ്ങളുണ്ടായിരുന്നു. ഞങ്ങൾ മനുഷ്യർക്ക് ഓരോരോ തുള്ളിയാണ് നൽകിയിരിക്കുന്നത്. എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) വളരെ ധൈര്യശാലിയും എല്ലാം നൽകുന്നവരുമായി വരികയും ഉറവിടത്തിന്റെ മുകളിൽ നിന്ന് കല്ല് നീക്കിക്കളയുകയും ചെയ്തു. ഇപ്പോൾ ഇഷ്ടമുള്ളവർക്ക് വയറ് നിറയെ കുടിക്കാം. അതോടൊപ്പം തന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ പുകഴ്ത്തികൊണ്ട് ഈ പദ്യശകലവും അദ്ദേഹം പറഞ്ഞു. "ആതുരരായ ഞങ്ങൾ നിന്നിലേക്കാണ് കണ്ണും നട്ടിരിക്കുന്നത്. അല്ലാഹുവിന്റെ പ്രീതിക്കായി നീ ഞങ്ങളുടെ രക്ഷകനായി വരിക."

ഹദ്റത്ത് മസീഹ് മൗഊദ്(അ) ലുധിയാനയിൽ വരുന്നതിനു മുമ്പേ അദ്ദേഹം തന്റെ ശിഷ്യഗണത്തോട് പറഞ്ഞിരുന്നത് മിർസാ ഗുലാം അഹ്മദ് സാഹിബ് ലുധിയാനയിൽ വരുന്നതാണ്. അദ്ദേഹത്തെ കാണാനായി സ്റ്റേഷനിൽ ഞാനും പോകുന്നതാണ്. ഞാൻ ആരിലേക്കാണോ വിരൽ ചൂണ്ടുന്നത് അദ്ദേഹമാണ് മിർസാ ഗുലാം അഹ്മദ് എന്ന് നിങ്ങൾ മനസ്സിലാക്കണം. അദ്ദേഹത്തിന്റെ ശിഷ്യന്മാർ അദ്ദേഹത്തോട് ചോദിച്ചു. താങ്കൾ അദ്ദേഹത്തെ ഇതുവരെ കണ്ടില്ലെന്നിരിക്കെ എങ്ങിനെയാണ് ഇന്ന വ്യക്തിയാണ് മിർസാ ഗുലാം അഹ്മദ് സാഹിബ് എന്ന് താങ്കൾക്ക് പറയാൻ കഴിയുക. ഇതു കേട്ടപ്പോൾ അദ്ദേഹം പറഞ്ഞത്, ഹദീസുകളിൽ നേരത്തെതന്നെ രൂപം പറഞ്ഞിട്ടുണ്ടല്ലോ! എന്നാണ്.

അങ്ങനെ ഹദ്റത്ത് മസീഹ് മൗഊദ്(അ) ലുധിയാന സ്റ്റേഷനിൽ വന്നിറങ്ങിയപ്പോൾ ഒരു വലിയ ജനാവലി അവിടെ ഉണ്ടായിരുന്നു. ഹുസൂർ അതിന്റെ ഇടയിലൂടെ നടന്നുവരികയായിരുന്നു. ആ സമയത്ത് അഹ്മദ് ജാൻ സാഹിബ് തന്റെ ശിഷ്യന്മാരോട് വിരൽ ചൂണ്ടിക്കൊണ്ട് പറഞ്ഞു. അദ്ദേഹമാണ് മിർസ ഗുലാം അഹ്മദ് സാഹിബ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തിന്റെ അടുത്ത് വന്നപ്പോൾ അസ്സലാമു അലൈക്കും എന്ന് പറഞ്ഞു. അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് കൈകൊടുത്തു. ഹദ്റത്ത് മുൻശി അഹ്മദ് സാഹിബിന്റെ വിശ്വാസം കാരണമായി ഞാൻ ഹദ്റത്ത് മസീഹ് മൗഊദിനെ ബൈഅത്ത് ചെയ്തു. പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സദസ്സ് എന്നെ വളരെയധികം സ്വാധീനിക്കുകയുണ്ടായി.' ആദ്യം ഇഷ്ടമല്ലായിരുന്നു. ബൈഅത്തിന് മുമ്പ് ശേഷം മുമ്പുള്ള മജ്ലിസുകളെല്ലം ഒന്നുമല്ലായിരുന്നു എന്ന് മനസ്സിലാക്കി.

അല്ലാഹു തആലാ ഈ ഭക്തദാസരെപ്പോലെ നമ്മെയും വിശ്വാസത്തിലും ദൃഢജ്ഞാനത്തിലും വർദ്ധിപ്പിക്കട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഏതൊരു നിറമാണോ നമുക്ക് നൽകാനായി വന്നത് അത് നമുക്ക് ഓരോരുത്തർക്കും സ്വായത്തമാക്കാൻ കഴിയുമാറാകട്ടെ. ബൈഅത്ത് ചെയ്താൽ മാത്രം മതിയാകുന്നതല്ല. അല്ലാഹുമായുള്ള ഒരു ബന്ധവും നമ്മിൽ ഓരോരുത്തരിലും ഉണ്ടായിരിക്കേണ്ടതാണ്.

പാകിസ്ഥാനുവേണ്ടി ദുആ ചെയ്യാൻ ഞാൻ പറഞ്ഞുകൊണ്ടിരിക്കാറുണ്ട്. ജമാഅത്തംഗങ്ങൾ ദുആ ചെയ്യാറുണ്ട്. ഇതിലേക്ക് ഒന്നുകൂടി ശ്രദ്ധതിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അഹ്മദികളുടെ അവസ്ഥ പാകിസ്ഥാനിൽ വളരെ ഞെരുങ്ങിയതാക്കി മാറ്റികൊണ്ടിരിക്കാൻ ശ്രമിക്കുകയാണ്. ഭരണാധികാരികളോട് പറയുമ്പോൾ, ഇതിനെകുറിച്ച് റിപ്പോർട്ട് നൽകുകയും മേലുദ്യോഗസ്ഥന്മാരുടെ അടുത്ത് ചെല്ലുകയും ചെയ്യുമ്പോൾ അവർ പറയുന്നത് ഞങ്ങളുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഒരു പ്രശ്നവും ഉണ്ടായതറിയില്ല, എല്ലാം ശരിയായ രീതിയിൽ തന്നെ നടന്നുവരുന്നു എന്നാണ്. അവർ ഇത്രയും ധിക്കാര നയമാണ് സ്വീകരിക്കുന്നത്. നമുക്ക് ഇതിൽ ഇന്നാലില്ലാഹ് എന്ന് പറയുക യല്ലാതെ മറ്റെന്തു ചെയ്യാൻ കഴിയും. അല്ലാഹു തന്നെയാണ് നമ്മുടെ ശ്രദ്ധാകേന്ദ്രമാകേണ്ടത്. ഇവർക്ക് അല്ലാഹുവിന്റെ ശക്തി പ്രഭാവങ്ങളെക്കുറിച്ച് അറിയുക തന്നെയില്ല. ഭൗതീക സംഘടനകളെപ്പോലെയുള്ള ഒരു സംഘടനയാണിതെന്നാണ് അവർ ധരിച്ചുവച്ചിരിക്കുന്നത്. ഇവരോട് എന്ത് ചെയ്താലും പ്രശ്നമില്ലെന്നിവർ കരുതുന്നു.

ഏതായിരുന്നാലും നമ്മുടെ ജോലി അല്ലാഹുവിന്റെ മുമ്പിൽ കുമ്പിടുക എന്നതാണ്. ഇതാണ് നമ്മുടെ നിർബന്ധകടമ. ഇതിലേക്ക് നാം കൂടുതലായി ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഇതിൽ ഒരു കുറവും നാം വരുത്തരുത്. കഴിഞ്ഞ ദിവസം ലാഹോറിൽ അഹ്മദിയ്യാ ഖബർസ്ഥാനിൽ, മോഡൽ ടൗണിൽ രാത്രിയിൽ പതിനാല് പതിനഞ്ച് ആളുകൾ അതിക്രമിച്ച് കയറി. അവിടെയുണ്ടായിരുന്ന കാവൽക്കാരനേയും അദ്ദേഹത്തിന്റെ കുടുംബത്തേയും തോക്ക് ചൂണ്ടി കയറുകൊണ്ട് വരിഞ്ഞുകെട്ടി വീടിനകത്ത് പൂട്ടിയിട്ടു. അതിന് ശേഷം 120 ഖബറുകളോട് അപമര്യാദയായി പെരുമാറുകയും അതിന്റെ മീസൻ കല്ലുകൾ തകർക്കുകയും ചെയ്തു.

ഈ പിശാചുകളുടെ ഉപദ്രവത്തിൽ നിന്നും മരിച്ചവരും സുരക്ഷിതരല്ലാതായിരിക്കുകയാണ്. വഫാത്തായ അഹ്മദികളും ഇപ്പോൾ സുരക്ഷിതരല്ല. സാക്ഷിമൊഴികളിൽ നിന്നും മനസ്സിലാകുന്നത് പോലീസും ഇതിന് സഹായം നൽകുന്നുണ്ടെന്നാണ്. പോലീസിന്റെ പിന്തുണ ഇവർക്കുണ്ട്. എഫ്.ഐ.ആർ രേഖപ്പെടുത്താൻ പറഞ്ഞപ്പോൾ വളരെ പ്രയാസപ്പെട്ടാണ് അത് രേഖപ്പെടുത്തിയത്.

ഇതേപോലെ ശഹാദത്തും നടന്നുകൊണ്ടിരിക്കുന്നു. കൊയിട്ടയിൽ ഇന്നും ഒരു യുവഅഹ്മദി മഖ്സൂദ് അഹ്മദ് സാഹിബ് ശഹീദാക്കപ്പെടുകയുണ്ടായി. അൽപ്പം മുമ്പാണ് ഇതറിഞ്ഞത്. اِنَّا لِلّٰہِ وَ اِنَّاۤ اِلَیۡہِ رٰجِعُوۡنَ

മർഹൂമിന്റെ വിശദവിവരം വരുമ്പോൾ അത് കേൾപ്പിക്കുന്നതാണ്. അടുത്ത് വെള്ളിയാഴ്ച ജനാസ ഗാഇബ് നമസ്കരിക്കുന്നതുമാണ്. ഇദ്ദേഹത്തിന്റെ മൂത്തസഹോദരനെ കൊയിട്ടയിൽ ഒരു മാസം മുമ്പ് ശഹീദാക്കിയിരുന്നു. അല്ലാഹു തആലാ ഉടനടി ഈ ശത്രുക്കളെ അവരുടെ നാശത്തിലേക്ക് എത്തിക്കട്ടെ. ഞാൻ പറഞ്ഞതുപോലെ ശത്രുക്കളുടെ എല്ലാ നീചവും അക്രമപരവുമായ പ്രവർത്തനം കാണുമ്പോൾ മുമ്പത്തെക്കാളുപരി നാം അല്ലാഹുവിനോട് സഹായം തേടുകയും അവന്റെ മുമ്പിൽ കുമ്പിടുകയും ചെയ്യുക. ജമാഅത്ത് ഈ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അല്ലാഹു നമുക്കതിനുള്ള തൗഫീഖ് നൽകുട്ടെ.

**PRINTED BOOKS**

**To**

**From**

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut - 10**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2012 December 07 at : Hamburg, Germany.
Translation: M.Nasir Ahmed Kodiyathur 09497343704

Typing: A.T.Nasarudheen,M.P.Tahir Ahmed & Semiyya
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**